## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.560 — 03/03/2020-ൽ മറുപടിക്ക്

### മലാപറമ്പ് - അരീക്കോട് ലൈനിൽ ട്രാൻസ്ഗ്രിഡ് മാറ്റി സ്ഥാപിക്കൽ

| | ചോദ്യം<br>**ശ്രീ.ടി. വി. ഇബ്രാഹിം** | | മറുപടി<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിൽ മലാപറമ്പ് - അരീക്കോട് ലൈനിൽ ട്രാൻസ്ഗ്രിഡ് മാറ്റി സ്ഥാപിക്കൽ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; | (എ) | മാടക്കത്തറ മുതൽ മാലാപ്പറമ്പ് വരെയുള്ള 47 കി.മീ പൂർത്തിയാക്കി. 26.06.2019 ന് 220 കെ.വി.ലൈൻ ചാർജ്ജ് ചെയ്തു. മാലാപ്പറമ്പ് മുതൽ അരീക്കോട് വരെയുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| (ബി) | ഈ പദ്ധതി എത്ര മാസം കൊണ്ട് പൂർത്തിയാവുമെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ പദ്ധതി 2020 മെയ് മാസത്തിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | ഈ പദ്ധതി പൂർത്തിയായാൽ ഈ ലൈൻ കടന്ന് പോകുന്ന ഏരിയയിലെ ഉപഭോക്താക്കൾക്കുണ്ടാകുന്ന മെച്ചങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) | പ്രസ്തുത ലൈൻ പൂർത്തിയാവുന്നതോടെ മണ്ണത്തിയിൽ ദ്രുതഗതിയിൽ നിർമ്മാണം പുരോഗമിക്കുന്ന PGCIL- ന്റെ 2000 മെഗാവാട്ട് HVDC സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതി കേരളത്തിലെ തൃശ്ശൂരിന് വടക്കുള്ള വിവിധ ജില്ലകളിലേയ്ക്ക് പ്രസരണ നഷ്ടം കുറച്ച് എത്തിക്കാനാകും. ഇതുവഴി ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ ഉപഭോക്താക്കളിൽ എത്തിക്കാനാകും. ഇതിനാൽ ഈ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം, വൈദ്യുതി മുടക്കങ്ങൾ, വൈദ്യുതി ലഭ്യത മുതലായ പ്രശ്നങ്ങൾക്ക് വലിയൊരളവിൽ പരിഹാരമാകും. |
| (ഡി) | മലാപറമ്പ് - അരീക്കോട് ലൈനിലെ ട്രാൻസ്ഗ്രിഡ് മാറ്റൽ പ്രവൃത്തി കരാർ ഏറ്റെടുക്കുന്ന സ്ഥാപനത്തിന്റെ/ വ്യക്തിയുടെ വിവരം അറിയിക്കാമോ; | (ഡി) | പ്രസ്തുത ലൈനിന്റെ കരാർ ഏറ്റെടുത്തിരിക്കുന്നത് Sterlite Power Transmission Ltd ആണ്. |
| (ഇ) | ഈ കരാറുകാരനെ തെരഞ്ഞെടുത്ത രീതി, മറ്റ് ടെൻഡർ നടപടിക്രമങ്ങൾ ഉടങ്ങിയവ വ്യക്തമാക്കുമോ? | (ഇ) | ട്രാൻസ്ഗ്രിഡ് പദ്ധതികൾ നടപ്പിലാക്കുന്നതിന്, താല്പര്യമുള്ള സാമ്പത്തിക അടിത്തറയുള്ളതും, ഈ മേഖലയിൽ പ്രവൃത്തി പരിചയം ഉള്ള കരാറുകാരെ കണ്ടെത്തുന്നതിന് EOI (Expression of Interest) ക്ഷണിച്ചിരുന്നു. EOI പ്രകാരം ട്രാൻസ്മിഷൻ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുവാൻ ആറ് കമ്പനികൾ യോഗ്യത നേടിയിരുന്നു. പ്രസ്തുത |

| | | | |
|---|---|---|---|
| | | | ലൈനിന് വേണ്ടി e-tender വിളിക്കുകയും EOI-യിൽ യോഗ്യത നേടിയ M/s Sterlite Power Limited, M/s L&T Limited എന്നിവർ ടെൻഡറിന്റെ പങ്കെടുക്കുകയും, L1 bidder ആയി M/s Sterlite Power Limitedനെ തിരഞ്ഞെടുക്കുകയും ചെയ്തു. ഈ വസ്തുതകൾ കാണിച്ച് കേരള സർക്കാരിലേയ്ക്ക് അനുമതിക്കായി സമർപ്പിക്കുകയും G.O.(Ms)No.23/2017/PD dated 23.10.2017 പ്രകാരം അനുമതി ലഭിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 31.10.2017 ന് L1 bidder ആയ M/s Sterlite Power Limited-ന് പ്രവൃത്തിക്കുള്ള ഓർഡർ നൽകി. |

സെക്ഷൻ ഓഫീസർ